കാലിക്കറ്റ് സർവകലാശാല

നമ്പർ. 69048/DOA-ASST-1/2022/Admn

തീയതി: 20.08.2022

<u>സർക്കുലർ</u>

വിഷയം:- 2022-23 അധ്യായന വർഷത്തെ ബിരുദ കോഴ്സുകളുടെ രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട്.

സൂചന :- ഇതേ ഫയലിൽ 20.08.2022 തിയതിയിൽ വൈസ് ചാൻസലർ നൽകിയ ഉത്തരവ്.

## യു ജി ക്യാപ്പ് -2022/സർക്കുലർ -7

1. മേൽ സൂചന പ്രകാരം വൈസ് ചാൻസലർ അംഗീകാരം നല്കിയ 2022-23 അധ്യയന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിന്റെ പുതുക്കിയ ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

| Sl No | Activity | Date |
|---|---|---|
| 1 | Second Allotment | 19.08.2022 |
| 2 | Mandatory Fee Payment | 19.08.2022-25.08.2022 |
| 3 | Permanent OR **Temporary** admission at the College by all the candidates received allotment up to the Second allotment. | 20.08.2022-25.08.2022 |
| 4 | **Third allotment** | **27.08.2022** |
| 5 | Mandatory Fee Payment after third allotment | 27.08.2022 to 01.09.2022 4.00 pm |
| 6 | Admission under sports/community/PwD quota | 27.08.2022 to 01.09.2022 |
| 7 | Admission under Management Quota | from 27.08.2022 to closing date of admission |
| 8 | Commencement of classes | **30.08.2022** |
| 9 | Closing date of admission | **28.10.2022** |

2. 2022-2023 അധ്യയന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തോടനുബന്ധിച്ചുള്ള രണ്ടാമത്തെ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

3. ഒന്നും /രണ്ടും അലോട്ട്മെന്റ് ലഭിച്ച് മാന്റേറ്ററി ഫീസ് അടച്ച് കോളേജിൽ റിപ്പോർട്ട് ചെയ്യുന്ന എല്ലാ വിദ്യാർത്ഥികളോടും 25.08.2022, 3.00 PM-നുള്ളിൽ നിർബന്ധമായും സ്ഥിരം / താൽക്കാലിക അഡ്മിഷൻ എടുക്കുന്നതിനും നിർദ്ദേശിക്കേണ്ടതാണ്. ആദ്യമായി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ മാന്റേറ്ററി ഫീസ് അടയ്ക്കേണ്ടതാണ്. ഒന്നാമത്തെ അലോട്ട്മെന്റ് ലഭിച്ച് മാന്റേറ്ററി ഫീസ് അടച്ച വിദ്യാർത്ഥികൾ (അലോട്ട്മെന്റ് മാറിയിട്ടുണ്ടെങ്കിൽ കൂടി) വീണ്ടും ഫീസ് അടയ്ക്കേണ്ടതില്ല.

4. അപ്‌ലോഡ് ചെയ്യുന്ന സ്ഥിരം അഡ്മിഷന്റെ എണ്ണം ഓരോ കാറ്റഗറിയിലുമുള്ള സീറ്റുകളിൽ നിന്നും കുറച്ച് ലഭിക്കുന്ന വേക്കൻസികളിലേക്കാണ് മൂന്നാമത്തെ അലോട്ട്മെന്റ് നടത്തുക. ആയതിനാൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷനായി കോളേജിൽ റിപ്പോർട്ട് ചെയ്യുന്ന എല്ലാ വിദ്യാർത്ഥികളുടെയും അഡ്മിഷൻ വിവരം കർശനമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം വിദ്യാർത്ഥികൾക്ക് മുമ്പ് ലഭിച്ചിരുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ചു നൽകുന്നതുമല്ല. ആയതിനാൽ വിദ്യാർത്ഥികളുടെ അഡ്മിഷൻ വിവരം അപ്‌ലോഡ് ചെയ്യുന്നതിന് വീഴ്ച വരുത്തുന്ന കോളേജുകൾ, വിദ്യാർത്ഥികളുടെ സീറ്റ് നഷ്ടത്തിനു ഉത്തരവാദികളായിരിക്കുന്നതാണ്.

5. ലഭിച്ച ഓപ്ഷനിൽ തൃപ്തരായ വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾക്ക് പരിഗണിക്കേണ്ടതില്ലെങ്കിൽ 24.08.2022 മുതൽ 25.08.2022 വരെയുള്ള തിയതികളിൽ സ്റ്റുഡന്റ് ലോഗിൻ വഴി നിർബന്ധമായും ഹയർ ഓപ്ഷൻ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷൻ റദ്ദാക്കിയവർ പുതുക്കിയ അപേക്ഷയുടെ **പ്രിന്റൗട്ട് നിർബന്ധമായും എടുത്ത് സൂക്ഷിക്കേണ്ടതാണ്.** ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം പ്രസ്തുത ഹയർ ഓപ്ഷനുകളിൽ ഏതെങ്കിലും ഒന്നിലേക്ക് തുടർന്ന് അലോട്ട്മെന്റ് ലഭിച്ചാൽ ആയത് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ഇതോടെ മുമ്പ് ലഭിച്ചിരുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ചു നൽകുന്നതുമല്ല.

6. അലോട്ട്മെന്റ് മുഖേന അല്ലാതെയുള്ള അഡ്മിഷൻ ലഭിച്ചവർക്ക് മാൻഡേറ്ററി ഫീസ് അടയ്ക്കാനുള്ള സൗകര്യം മൂന്നാം അല്ലോട് മെന്റിന് ശേഷം ലഭ്യമായിരിക്കും. സ്റ്റുഡന്റ് ലോഗിൻ വഴിയാണ് മാൻഡേറ്ററി ഫീസ് അടവാക്കേണ്ടത്

7. അലോട് മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ അഡ്മിഷൻ പ്രക്രിയ, അപ്‌ലോഡിങ്ങ് എന്നിവ **25.08.2022,-** വൈകിട്ട് 5.00 മണിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

8. **സ്ഥിരം അഡ്മിഷൻ:**

ഒന്നാമത്തെ ഓപ്ഷനിലേക്ക് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ കോളേജുകളിൽ അഡ്മിറ്റ് കാർഡിൽ പ്രതിപാദിച്ചിട്ടുള്ള രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യുന്ന പക്ഷം സ്ഥിരം അഡ്മിഷൻ നൽകണം. സ്ഥിരം അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികളുടെ ഒറിജിനൽ സർട്ടിഫിക്കേറ്റുകൾ പരിശോധിച്ച ശേഷം അഡ്മിഷൻ തീയതിയിൽ തന്നെ തിരികെ നൽകേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികളുടെ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് കോളേജുകളിൽ വാങ്ങി സൂക്ഷിക്കാവുന്നതാണ്. ഇത്തരത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ ഇൻഡക്സ് മാർക്ക് പരിശോധിക്കുകയും പ്രിന്റൗട്ടിൽ രേഖപ്പെടുത്തിയത് ശരിയാണെന്നു ഉറപ്പാക്കേണ്ടതുമാണ് .

9. **താത്കാലിക അഡ്മിഷൻ:**

രണ്ടാമത്തെ അലോട്ട്മെന്റിന് ശേഷം അലോട്ട്മെന്റ് ലഭിച്ച് ഹയർ ഓപ്ഷനുകൾക്കായി കാത്തിരിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ പ്രൊവിഷണൽ അലോട്ട്മെന്റ് കാർഡിൽ പ്രതിപാദിച്ചിട്ടുള്ള രേഖകൾ സഹിതം ഹാജരായാൽ താൽക്കാലിക അഡ്മിഷൻ നൽകണം. താത്ക്കാലിക അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികളിൽ നിന്നും യാതൊരു വിധ ഫീസും ഒറിജിനൽ സർട്ടിഫിക്കേറ്റുകളും, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ഉൾപ്പെടേ വാങ്ങരുത്. എന്നാൽ ഇത്തരത്തിൽ അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകളും ഇൻഡക്സ് മാർക്കും പരിശോധിക്കേണ്ടതാണ്. ഇതോടൊപ്പം കൊടുത്തിട്ടുള്ള ഫാറം അഡ്മിഷൻ സമയത്ത്

വിദ്യാർത്ഥികളിൽ നിന്നും അലോട്ട്മെന്റ് കാർഡിനോടൊപ്പം പൂരിപ്പിച്ച് വാങ്ങിക്കേണ്ടതാണ്.

10. **അലോട്ട്മെന്റ് കാർഡ്** : അലോട്ട്മെന്റ് ലഭിച്ച മാൻഡേറ്ററി ഫീസ് അടച്ച് ഹയർ ഓപ് ഷനുകൾ നില നിൽക്കുന്ന വിദ്യാർഥികൾക്ക് താത് കാലിക അഡ്മിഷൻ എടുക്കുന്നതിന് അലോട്ട്മെന്റ് കാർഡ് ലഭ്യമായിരിക്കും.

11. അലോട്ട്മെന്റ് മുഖാന്തരമല്ലാത്ത പ്രവേശനങ്ങൾക്ക് (മാനേജ്മെന്റ് , ലക്ഷദ്വീപ് എന്നിവ ഒഴികെ) അഡ്മിറ്റ് കാർഡ് പ്രവേശന പ്രക്രിയ പൂർത്തീകരിച്ച ശേഷം കോളേജ് ലോഗിൻ വഴി ലഭ്യമാക്കുന്നതാണ്.

12. അഡ്മിഷൻ എടുക്കുന്നതിന് മുൻപ് എല്ലാ നോഡൽ ഓഫീസർമാരും "View Admission" എന്ന ലിങ്കിൽ ഏതെങ്കിലും വിദ്യാർത്ഥികളുടെ നേരെ "Category Change" എന്ന് കാണിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥികളെ റിമൂവ് ചെയ്ത് കാറ്റഗറി മാറ്റി അഡ്മിഷൻ നൽകേണ്ടതാണ്. അല്ലാത്തപക്ഷം അഡ്മിഷൻ നൽകുമ്പോൾ സീറ്റ് പരിധി അധികരിച്ച എന്ന് കാണിക്കുകയും അഡ്മിഷൻ എടുക്കാൻ സാധിക്കാതെ വരുന്നതുമാണ്.

13. BTA /BA Music, Vocal, Veena, Mridangam, Violin കോഴ്സുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെയും TLM (Tamil Linguistic Minority) കാറ്റഗറിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെയും അഡ്മിഷൻ വിവരങ്ങൾ 28.10.2022, 5.00 PM നുള്ളിൽ കോളേജ് ലോഗിനിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

14. അലോട്ട്മെന്റ് വഴിയല്ലാതെയുള്ള മുഴുവൻ കാറ്റഗറി അഡ്മിഷനുകൾക്കുമുള്ള (ഭിന്ന ശേഷി വിഭാഗം, കമ്മ്യൂണിറ്റി ക്വോട്ട, സ്പോർട് സ് ക്വോട്ട, മാനേജ്മെന്റ് ക്വോട്ട തുടങ്ങിയ) അപ്‌ലോഡിങ് ലിങ്ക്, മാൻഡേറ്ററി ഫീസ് അടയ്ക്കുന്നതിനുള്ള ലിങ്ക് എന്നിവ 28.10.2022 തിയതി വരെ നിശ്ചിത സമയങ്ങളിൽ ലഭ്യമാക്കുന്നതാണ്.

15. SAY പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്കുൾപ്പെടെ പുതുതായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസരം സർവ്വകലാശാല പിന്നീട് ലഭ്യമാക്കുന്നതാണ്.

16. പ്രവേശന സമയത്ത് വിദ്യാർത്ഥികളിൽ നിന്നും ഫീസ് (മാന്റേറ്ററി ഫീസ് ഉൾപ്പെടെ) സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങൾക്ക് ലെ യു.ജി.ക്യാപ് സർക്കുലർ നം.4 -ലെ നിർദേശങ്ങൾ ശ്രദ്ധിക്കുക.

17. **ഇൻഡക്സിംഗ് :**

ഇൻഡക്സിംഗ് രീതിയുമായി ബന്ധപ്പെട്ട നിർദേശങ്ങൾക്ക് യു.ജി.ക്യാപ് സർക്കുലർ നം.4 -ലെ നിർദേശങ്ങൾ ശ്രദ്ധിക്കുക.

ഓരോ വിദ്യാർത്ഥിയും റജിസ്ട്രേഷൻ സമയത്ത് സമർപ്പിക്കുന്ന മാർക്ക്, വെയിറ്റേജ് ബോണസ് മാർക്ക് എന്നിവയുടെ അടിസ്ഥാനത്തിലാണ് അപേക്ഷിക്കുന്ന വിഷയങ്ങൾക്ക് ഇൻഡക്സ് ചെയ്യുന്നത്. ഇത്തരത്തിൽ എന്റർ ചെയ്തിട്ടുള്ള മാർക്കുകളിൽ എന്തെങ്കിലും ആക്ഷേപം ഉന്നയിക്കുന്ന അവസരത്തിൽ മാത്രമേ യൂണിവേഴ്സിറ്റി പരിശോധിക്കാറുള്ളൂ. ആയതിനാൽ ഇൻഡക്സ് മാർക്ക് അഡ്മിഷൻ സമയത്ത് കോളേജുകൾ കൃത്യമായി പരിശോധിക്കേണ്ടതും, തെറ്റ് ഉണ്ടെങ്കിൽ തിരുത്താനായി താഴെയുള്ള ഫോർമാറ്റിൽ 25.08.2022,5.00 PM-നുള്ളിൽ **capnodal@uoc.ac.in** എന്ന ഈമെയിലിലേക്ക് അറിയിക്കേണ്ടതാണ്.

മെയിലിന്റെ ശീർഷകം : *College name*_UGCAP22_index Correction after second allotment

| Sl No | CAP ID | Name | Programme | Index mark in allotment | Actual index mark | Correction needed in |
|---|---|---|---|---|---|---|
| | | | | | | |

18. എഡിറ്റിങ് സൗകര്യം ഉപയോഗപ്പെടുത്തി അപേക്ഷ പൂർത്തീകരിക്കാത്ത വിദ്യാർഥികളെ സെക്കന്റ് അലോട് മെന്റിലേക്ക് പരിഗണിച്ചിട്ടില്ല. എന്നാൽ ഫസ്റ്റ് അലോട്ട്മെന്റ് ലഭിച്ച് മാൻഡേറ്ററി ഫീസ് അടച്ച വിദ്യാർത്ഥികൾക്ക് ഫസ്റ്റ് അലോട് മെന്റ് നിലനിർത്തി നൽകിയിട്ടുണ്ട്. പ്രസ്തുത വിദ്യാർഥികൾ അഡ്മിറ്റ് കാർഡ്/ അലോട്ട്മെന്റ് കാർഡ് ഇല്ലാതെ കോളേജിൽ റിപ്പോർട്ട് ചെയ്യുന്ന പക്ഷം പ്രവേശനം അനുവദിക്കേണ്ടതാണ്. ഇത്തരം വിദ്യാർഥികൾ റിപ്പോർട്ട് ചെയ്തത് പ്രകാരം അഡ്മിഷൻ വിവരങ്ങൾ ചെയ്യുമ്പോൾ അപേക്ഷ *"Incomplete"* എന്ന് കാണിക്കുന്നുവെങ്കിലും അഡ്മിഷൻ എൻട്രി അപ്‌ലോഡ് ചെയ്യാൻ സാധിക്കുന്നതാണ്.

**Arsad M**
Assistant Registrar

സ്വീകർത്താവ്

1. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും പ്രിൻസിപ്പാൾമാർ / സർവകലാശാലാ പഠനവകുപ്പ് / സെന്ററുകൾ
2. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട നോഡൽ ഓഫീസർമാർ

# TEMPORARY ADMISSION

**APPLICATION (College Copy)**

| Sl. No. | Name | CAP ID | Reg No. | Phone No. | E-mail ID | Remarks |
|---|---|---|---|---|---|---|
| | | | | | | |

College and course to which Admitted

| Sl. No. | College | Course | Allotment Number (1,2,3) |
|---|---|---|---|
| | | | |

## Declaration

I hereby declare that I am reporting for admission on temporary basis to ...................... (course) .......................................................................................... (college) and will join the new course or college on receipt of allotment to my higher options.

**Signature of Applicant**

**Place :**

**Dated :**

**Counter Signed by the Parent**

## Declaration

The candidate is admitted temporarily without collecting any fee upon the request of the candidate as his/her higher options prevails. He/she will be relieved from the college on receipt of allotment to his/her higher options without imposing any further fee. I have personally ensured that the students details has been uploaded in the admission link.

**Place:**

**Date**: **(Office Seal)**

**Principal**

------------------------------------------------------------ Detach here --------------------------------------------------------

**APPLICATION (Student Copy)**

| Sl. No | Name | CAP ID | Reg No. | Phone No. | E-mail ID | Remarks |
|---|---|---|---|---|---|---|
| | | | | | | |

College and course to which Admitted

| Sl. No | College | Course | Allotment Number (1,2,3) |
|---|---|---|---|
| | | | |

## Declaration

The candidate is admitted temporarily without collecting any fee upon the request of the candidate as his/her higher options prevails. He/she will be relieved from the college on receipt of allotment to his/her higher options without imposing any further fee. I have personally ensured that the students details has been uploaded in the admission link.

**Place:**

**Date:** **(Office Seal)** **Principal**